# നാടൻ പട്ടി

സുധീർ പണിക്കവീട്ടിൽ



ഒരമേരിക്കൻ മലയാളി മറ്റൊരു അമേരിക്കൻ മലയാളിയെ 'പട്ടി" എന്നു വിളിച്ചു. ആ വിളി കേട്ട് മറ്റേയാൾ തിരിച്ച് കുരച്ചില്ല. വിളിച്ചവൻ മുരണ്ട് കൊണ്ട് വാൽ അറ്റൻഷനിലാക്കി നിർത്തി ആക്രമണം പ്രതീക്ഷിച്ചിരുന്നപ്പോൾ മറ്റേയാൾ മനുഷ്യനെപ്പോലെ പുഞ്ചിരി തൂകി ചോദിച്ചു. പട്ടി എന്നു പറഞ്ഞാൽ ഇവിടെയൊക്കെ നമ്മൾ കാണുന്ന പട്ടിയല്ലേ? അതിനു മറുപടി ഒരു പട്ടി സ്റ്റയിലായിരുന്നു. (ബ)ൌ, ൌ താനൊക്കെ ഏത് കോത്താഴത്ത്കാരനാടോ? പട്ടികൾ എല്ലായിടത്തും ഒന്നു തന്നെ.



പട്ടിയെന്ന് വിളിക്കപ്പെട്ടവൻ വീണ്ടും മനുഷ്യ ശബ്ദത്തിൽ പറഞ്ഞു : സായിപ്പിന്റെ പട്ടികൾക്ക് വ്യത്യാസമുണ്ട്. നല്ല മണമുള്ള ഷാമ്പൂ തേച്ച് കുളിപ്പിച്ച്, പാലും ബിസ്കറ്റും കൊടുത്ത് രാജകീയ പ്രൗഡിയോടെ കാറിന്റെ പിൻ സീറ്റിലിരുത്തി സായ്പ്പ് കൊണ്ട് നടക്കുന്ന പട്ടി. ഭംഗിയായി വെട്ടി പോളിഷിട്ട നഖങ്ങൾ കൊണ്ട് മദാമ്മമാർ ഉരസുന്ന അനുഭൂതി ആസ്വദിച്ച് നാക്കും പുറത്ത് കാട്ടി ഇടക്കിടെ കണ്ണടച്ച് കാണിച്ച് യജമാനനെക്കാൾ അധികാരത്തിൽ അവരുടെ മുലക്കണ്ണുകളിൽ അമർന്ന് മടിയിൽ കളിക്കുന്ന പട്ടിയുണ്ടല്ലോ ആ പട്ടി നമ്മുടെ നാട്ടിലെ പട്ടിയെക്കാൾ വ്യത്യസ്ഥനാണ്.

വിവരം പിടികിട്ടിയപ്പോൾ പട്ടിയെന്നു വിളിച്ചവൻ ഒരു വിശേഷണം ചേർത്തു വിളിച്ചു. നീ പോടാ നാടൻ പട്ടി. ഇനിയുള്ള സംഭവങ്ങൾ പട്ടികൾ തമ്മിലാണ്. നമുക്ക് സംഭവസ്ഥലത്ത് നിന്നും പിരിയാം.

# എന്റെ എല്ലാമെല്ലാം അല്ലേ?

## സുധീർ പണിക്കവീട്ടിൽ

സുന്ദരന്മാരായ ഭർത്താക്കന്മാരുള്ള സ്ത്രീകൾക്ക് വിരൂപന്മാരെ കാണുന്നത് അറപ്പും പേടിയുമാണത്രെ. ഫ്രോയിഡൻ മനഃശാസ്ത്രത്തിന്റെ വെളിച്ചത്തിലൂടെ നോക്കുമ്പോൾ സ്ത്രീകൾക്കങ്ങനെ ഒരു വികാരമുണ്ടാകുവാനുള്ള കാരണം അവരുടെ മനസ്സിലുണ്ടാകുന്ന ലൈംഗികവിചാരമാകാം. ഇയ്യാളെയെങ്ങാൻ കെട്ടേണ്ടി വന്നിരുന്നെങ്കിൽ ഇയ്യാളുടെ കൂടെയുള്ള ശയനം , അയ്യോ ! അങ്ങനെ ചിന്ത പോകുമ്പോഴേക്കും അവർക്ക് അസ്വസ്ഥതയും അസഹ്യതയുമുണ്ടാകും പോലും. മലയാളികളും ഇതിൽ നിന്നും വ്യത്യസ്ഥരല്ലത്രെ.



മലയാളി കടകളിൽ ഇപ്പോൾ പോയാൽ ടി.വി.യിൽ മലയാളം പരിപാടികൾ കാണാം, മലയാളം ചലച്ചിത്ര ഗാനങ്ങൾ കേൾക്കാം. പാട്ടുകേട്ട് ഇടനാഴിയിലൂടെ നടന്ന് ഇഷ്ടമുള്ള സാധനങ്ങൾ പേറുക്കിയെടുത്ത് ചന്ദനത്തിരിയുടേയും, സാമ്പ്രാണിയുടേയും സുഗന്ധം ശ്വസിച്ചും മലയാള നാട് സ്വപ്നം കണ്ടുമങ്ങനെ നടക്കുന്നത് ഒരു സുഖമുള്ള അനുഭവമായി പലർക്കും തോന്നാം. അപ്പോൾ കടയിൽ അധികം തിർക്കില്ലായിരുന്നു. മീശ മാധവനിലെ ' എന്റെ എല്ലാമെല്ലാം അല്ലേ എന്റെ ചേലൊത്ത ചെമ്പരുന്തല്ലേ എന്ന ഗാനം മുഴങ്ങുന്നു. ആ പാട്ടിന്റെ അർഥത്തിലും സംഗീതത്തിലും ലയിച്ച് പ്രിയപ്പെട്ടവനെ മനസ്സിലെ ഊഞ്ഞാലിൽ ഇരുത്തി വളയിട്ട കൈകൾ കൊണ്ടാട്ടികൊണ്ടിരിക്കുകയായിരുന്നു ഒരു സ്ത്രീ. അവർ നിന്നിരുന്ന ഇടനാഴിയിലേക്ക് ഒരു വിരൂപൻ ഇതൊന്നുമറിയാതെ അവിടെയുള്ള ഏതോ സാധനം എടുക്കാൻ പ്രവേശിക്കലും 'എന്റെ എല്ലാമെല്ലാം അല്ലേ' എന്ന വരികൾ ഉരുവിട്ട് ഇച്ചായനു പ്രേമ സുരഭിലമായ രഹസ്യങ്ങൾ കാണിച്ച് കൊടുക്കുന്ന അനുഭൂതി സ്ത്രീ നുകരുന്നതും ഒപ്പമായിരുന്നു. സ്ത്രീ ഉടനെ 'അയ്യോ' എന്നൊരു ഞെട്ടലും ഓ പേടിച്ചുപോയി എന്നു വളരെ അറപ്പോടെ ഒരലർച്ചയുമുണ്ടാക്കി വെറുതെ നിന്ന ഒരു എഴുത്തുകാരനെ രസിപ്പിച്ചു. ജന്മ ജന്മാന്തരങ്ങളായി വിരൂപനായ ആ സാധു മനുഷ്യൻ അവർക്ക് ഏതോ ദ്രോഹം ചെയ്ത്കൊണ്ടിരിക്കുന്നത്പോലെ ഒരു ജ്വലിക്കുന്ന നോട്ടവും കൊടുത്ത് നിതംബങ്ങൾ വെട്ടിച്ച് നിലം കുലുക്കി നടന്നു പോയി. പാവം വിരൂപൻ ഒന്നുമറിയാതെ അമ്പരക്കുമ്പോൾ എഴുത്തുകാരൻ ഫ്രോയിഡിയൻ തിയ്യറി ഓർക്കുകയും സംഭവം നേരിൽ കാണാൻ സാധില്ല ചാരിതാർഥ്യത്തിൽ സന്തോഷിക്കുകയും ചെയ്യുകയായിരുന്നു.

അപ്പോൾ മഹാഭാരതത്തിലെ സത്യവതി താൻ കുമാരിയായിരുന്നപ്പോൾ പ്രസവിച്ച വ്യാസനുമായി സംസാരിക്കുന്നത് അയാൾ ശ്രദ്ധിച്ചു.

സത്യവതി മകനേ, എന്റെ രണ്ടാണ്മക്കളും പരലോകം പൂകിയത് നിനക്കറിയില്ലയോ? അവരുടെ ചെറുപ്പകാരികളും സുന്ദരിമാരുമായ വിധവകൾക്ക് നിന്നിൽ കൂടി സന്താനങ്ങൾ ഉണ്ടാകണം.

വ്യാസൻഃ ഇപ്പോൾ തരമില്ല. ഒരു വർഷം കഴിയട്ടെ.

സത്യവതിഃ കാത്തിരിക്കാൻ വയ്യ. ഉടനെ എനിക്കൊരു മുത്തശ്ശിയാകണം

വ്യാസൻഃ എങ്കിൽ രാജകുമാരിമാർക്ക് എന്റെ വൈരൂപ്യം സഹിക്കേണ്ടി വരും.

സത്യവതി” അതു സാരമില്ല.ഞാനവരോട് പറയാം.

അംബികയും അംബാലികയുമായിരുന്നു വിധവകളായ ആ യുവരാജകുമാരിമാർ. അവർക്ക് വ്യാസന്റെ വൈരൂപ്യം സഹിക്കാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് വ്യാസൻ അവരെ പ്രാപിച്ചപ്പോൾനുഒരാൾ ഒന്നും കാണേണ്ടെന്നു കരുതി കണ്ണൂകൾ മുറുക്കിയടച്ചു. മറ്റേയാൾ അറപ്പോടെ വിളറി പോകുകയും ചെയ്ത്. ആ സംഗമത്തിൽ നിന്നും ജനിച്ച സന്താനങ്ങളിൽ ഒരാൾ കുരുടനായി, മറ്റേയാൾ വിളറിയ നിറമുള്ളവനായി. സ്ത്രീ മനസ്സു കൊണ്ട് നിരൂപിക്കുന്ന പോലെ കാര്യങ്ങൾ സംഭവിക്കുന്നു. വെറുതെയല്ല വിരൂപന്മാരെ കാണുമ്പോൾ പെണ്ണുങ്ങൾ പേടിച്ചു പോകുന്നത്.

**************************